©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പത്താമത് റിപ്പോർട്ട്

**[പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യത്തിൽ പ്രവാസി മലയാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ, കാനഡയിലെ മലയാളികളായ വിദ്യാർത്ഥികൾ വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച്]**

(2024 ഫെബ്രുവരി 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2024

പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പത്താമത് റിപ്പോർട്ട്

[പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യത്തിൽ പ്രവാസി മലയാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ, കാനഡയിലെ മലയാളികളായ വിദ്യാർത്ഥികൾ വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച്]

(2024 ഫെബ്രുവരി 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

330/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. എ.സി. മൊയ്തീൻ.

<u>അംഗങ്ങൾ</u> :

ശ്രീ. എ. കെ. എം. അഷ്റഫ്

ഡോ. കെ. ടി. ജലീൽ

ശ്രീ. മാണി സി. കാപ്പൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീജ പി. കെ., അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)-യുടെ ചെയർമാനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2023 ഒക്ടോബർ മാസം ഏഴാം തീയതി ഹമാസ് ഇസ്രായേലിനെതിരായി നടത്തിയ പ്രത്യാക്രമണമായി തുടങ്ങിയ പശ്ചിമേഷ്യയിലെ സംഘർഷം വളരെയധികം ദിവസങ്ങൾ പിന്നിട്ട് അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ അവിടത്തെ സാമ്പത്തികവും സാമൂഹികവും സുരക്ഷാപരവുമായ പ്രതിസന്ധി അനുദിനം രൂക്ഷമാവുകയാണെന്ന് മാധ്യമവാർത്തകളിലൂടെ മനസ്സിലാക്കിയ സമിതി അടിയന്തരമായി അവിടെയുള്ള മലയാളി സമൂഹത്തിന്റെ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കാണുന്നതിനും, അതുപോലെ സമീപകാലത്ത് ഇന്ത്യ-കാനഡ നയതന്ത്രബന്ധത്തിൽ ഉലച്ചിൽ വരുന്ന ചില സംഭവങ്ങൾ നടക്കുകയുണ്ടായതിനാൽ അവിടെയുള്ള മലയാളി വിദ്യാർത്ഥികളെ അത് ഏതെങ്കിലും രീതിയിൽ ബാധിക്കുന്നുണ്ടോ എന്നറിയുന്നതിനുമായി സമിതി 2023 ഒക്ടോബർ മാസം 18-ാം തീയതി കേരളീയ പ്രവാസികാര്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2024 ഫെബ്രുവരി 5-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ഫെബ്രുവരി 13.

# റിപ്പോർട്ട്

മനസുകളിലാണ് യുദ്ധം ആരംഭിക്കുന്നത്. അതിനാൽ സമാധാന പ്രതിരോധങ്ങൾ കെട്ടിയുയർത്തേണ്ടത് മനുഷ്യമനസുകളിലാണെന്നാണ് ഐക്യരാഷ്ട്രസഭയുടെ വിദ്യാഭ്യാസ ശാസ്ത്ര സാംസ്കാരിക സംഘടനയായ യുനെസ്കോ ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നത്. മനുഷ്യന്റെ മനസ് നന്നായാൽ ലോകം സമാധാനഭരിതമായി. ലോകസമാധാനവും ശാന്തിയും ആഗ്രഹിക്കുന്നവരാണ് നമ്മളെല്ലാം. പരിഹരിക്കാൻ ശ്രമം നടക്കുമ്പോഴൊക്കെ വഷളായിക്കൊണ്ടിരിക്കുന്ന സംഘർഷമേഖലയാണ് ഇസ്രയേലും ഗാസാസ്ട്രിപ്പും വെസ്റ്റ്ബാങ്കുമൊക്കെ അടങ്ങുന്ന പശ്ചിമേഷ്യൻ മേഖല.

2. 2023 ഒക്ടോബറിൽ ഈ മേഖലയിൽ ഉണ്ടായ ഹമാസ്-ഇസ്രയേൽ ആക്രമണ-പ്രത്യാക്രമണങ്ങൾ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ ദിവസങ്ങൾ പിന്നിട്ട് അനിശ്ചിതമായി നീണ്ടുപോവുകയും ചെയ്തിരിക്കേ ഈ മേഖലയിൽ സംജാതമായ സാമ്പത്തികവും സാമൂഹികവും സുരക്ഷാപരവുമായ പ്രതിസന്ധി അനുദിനം രൂക്ഷമാവുകയാണ്. സംഘർഷം ആരംഭിക്കുന്നതിന് മുൻപ് പ്രസ്തുത മേഖലയിലുണ്ടായിരുന്നവർ ഏറെപ്പേരും മരണപ്പെടുകയോ അഭയാർത്ഥികളായി ഓടിപ്പോവുകയോ ചെയ്യുകയും ഭൂരിഭാഗം വീടുകളും പകുതിയിലേറെ വാണിജ്യ കെട്ടിടങ്ങളും ആശുപത്രികളും സ്കൂളുകളും ആരാധനാലയങ്ങളും തകർന്ന കഴിഞ്ഞെന്നും പാശ്ചാത്യമാധ്യമങ്ങൾ തന്നെ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. നിലവിൽ സംഘർഷം അനിശ്ചിതത്വത്തിലേക്കും തീവ്രതയിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ നിരപരാധികളായവരും സാധാരണക്കാരു മുൾപ്പെടെയുള്ളവരുടെ ജീവനും ജീവിതവും ഒരു ചോദ്യചിഹ്നമായിരിക്കുന്ന അവസ്ഥ രൂപപ്പെട്ടിരിക്കുന്നു. ഓരോ സംഘർഷങ്ങളും മരണങ്ങളും ലോകത്തെ കൂടുതൽ ഇരുട്ടിലാഴ്ത്തുകയും മാനുഷിക മൂല്യങ്ങൾ ചവിട്ടിമെതിക്കപ്പെടുകയും ചെയ്യുന്നു. നിരപരാധികളെ ഇല്ലായ്മ ചെയ്യുന്ന യുദ്ധസാഹചര്യങ്ങൾ മാനവികതയ്ക്ക് നേരെയുള്ള കടുത്ത വെല്ലുവിളിയാണ് എന്നത് നിസ്തർക്കമാണ്.

4. അതുപോലെ വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ വികസിത രാജ്യമായ കാനഡ, വിദേശപഠനം ആഗ്രഹിക്കുന്ന മലയാളികളായ വിദ്യാർത്ഥികളുടെ ലക്ഷ്യസ്ഥാന ങ്ങളിലൊന്നാണ്. കാനഡയിലെ ജീവിത നിലവാരവും വൈവിദ്ധ്യവും സുസ്ഥിരവും സമാധാനപരവുമായ സമൂഹവും കാനഡയെ കുടിയേറ്റ സൗഹൃദ രാഷ്ട്രമാക്കുന്നു. മറ്റ് രാജ്യങ്ങളിൽ നിന്നും കുടിയേറ്റം അത്യധികം പ്രോത്സാഹിപ്പിക്കുന്ന ഒരു രാജ്യം കൂടിയാണ് കാനഡ. അതിനാൽ മലയാളികൾ ഉൾപ്പെടെ നിരവധി ആളുകൾ അങ്ങോട്ടേയ്ക്ക് കൂടുതലായി

കുടിയേറിക്കൊണ്ടിരിക്കുന്നു. ഇവർക്ക് തൊഴിൽ, സ്ഥിരതാമസം, പൗരത്വം, സാമൂഹികസുരക്ഷ എന്നിവ അവിടെ ലഭിക്കാറുണ്ട്. കാനഡയിൽ പഠിക്കുന്നവർക്ക് ആ രാജ്യത്ത് ജോലി ലഭിക്കാനും പിന്നീട് സ്ഥിരതാമസത്തിനും അവസരങ്ങൾ ഉണ്ട്. മെഡിസിൻ, നഴ്സിംഗ്, സോഷ്യൽവർക്ക്, ഐ.റ്റി., മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നവർ ധാരാളമാണ്. വ്യക്തിസ്വാതന്ത്ര്യം, ജനാധിപത്യം, പൗരാവകാശം, ജൻഡർ തുല്യത തുടങ്ങിയ മൂല്യങ്ങൾക്ക് പ്രത്യേക പരിഗണനയും ഉയർന്ന സാമ്പത്തിക സ്ഥിതിയും സാമൂഹിക സുരക്ഷയും ലഭ്യമായ ഒരു സ്ഥലമായി കുടിയേറ്റക്കാർ കാനഡയെ കാണുന്നു.

5. ലോകത്തിന്റെ ഏതു കോണിലും മലയാളികളെ കാണാമെങ്കിലും കഴിഞ്ഞ കുറച്ച് കാലങ്ങളായി വിദ്യാഭ്യാസത്തിനും ജോലിക്കുമായി ശ്രമിക്കുന്ന രാജ്യങ്ങളിൽ കാനഡ തന്നെയാണ് പല കാരണങ്ങൾ കൊണ്ടും മുന്നിൽ നിൽക്കുന്നത്. തൊഴിലന്വേഷകർ തങ്ങളുടെ ജീവിതം കാനഡയിലേക്ക് പറിച്ചുനടുന്നതിനു പിന്നിൽ രാഷ്ട്രീയ സ്ഥിരത മുതൽ സാമ്പത്തികാവസരങ്ങൾ, അനുമതികളും വിസയും കിട്ടുന്നതിലെ എളുപ്പം, പൗരത്വം ലഭിക്കുന്നതിനുള്ള സൗകര്യം, യാത്രാസൗകര്യങ്ങൾ, ജീവിതനിലവാരം, ജീവിതചെലവുകൾ, തൊഴിലവസരങ്ങൾ, വിസ ആവശ്യകതകൾ, ആരോഗ്യസംവിധാനം, സുരക്ഷ തുടങ്ങിയവ അതിൽ പ്രധാനപ്പെട്ടതാണ്.

6. പശ്ചിമേഷ്യയിലെ ഇസ്രായേൽ-ഗാസ മേഖലയിലെ സംഘർഷം അവിടെയുള്ള പ്രവാസി മലയാളി സമൂഹത്തെ നേരിട്ട് ബാധിക്കുന്ന വിഷയമായതിനാലും അക്കാര്യത്തിൽ അടിയന്തരമായി നേരിട്ട് ഇടപെടേണ്ട ആവശ്യകത ബോധ്യമായതിനാലും അതുപോലെ ഈ അടുത്ത കാലത്ത് ഇന്ത്യ-കാനഡ നയതന്ത്ര ബന്ധത്തിൽ ഉലച്ചിൽ വരുത്തുന്ന സംഭവങ്ങൾ നടക്കുകയുണ്ടായതിനാൽ അത് ഏതെങ്കിലും രീതിയിൽ കാനഡയിലുള്ള മലയാളികളായ വിദ്യാർത്ഥികളെ ബാധിക്കുന്നുണ്ടോ എന്നറിയുന്നതിനും പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി 18-10-2023-ന് യോഗം ചേർന്ന് കേരളീയ പ്രവാസികാര്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

7. മലയാളികൾ ഉൾപ്പെടെ ഏകദേശം ഏഴായിരത്തോളം ഇന്ത്യാക്കാർ ഇസ്രായേലിലുണ്ടെന്നും നിലവിലുള്ള 'ഹോം ഫ്രണ്ട് കമാൻഡ്' എന്ന ആപ്ലിക്കേഷന്റെ സഹായത്തോടെ ഏറ്റവും അടുത്തുള്ള ബോംബ് ഷെൽറ്ററിൽ സുരക്ഷിതമായി തുടരാൻ

സാധിക്കുമെന്നുള്ള വിവരം വാട്സാപ്പ് ഗ്രൂപ്പുകൾ, സോഷ്യൽ മീഡിയ എന്നിവ വഴി അവിടെയുള്ള ഇന്ത്യാക്കാരെ അറിയിച്ചിട്ടുണ്ടെന്നും യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

8. സംഘർഷത്തിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള മുഖ്യമന്ത്രി, ഇസ്രായേലിലുള്ള മലയാളികളിൽ മടങ്ങി വരാൻ താല്പര്യമുള്ളവരെ തിരിച്ച് കൊണ്ടുവരാനും പരിക്ക് പറ്റിയിട്ടുള്ളവർക്ക് ശുശ്രൂഷ നൽകാനുമുള്ള സൗകര്യമൊരുക്കണമെന്നഭ്യർത്ഥിച്ച് ബഹു. പ്രധാനമന്ത്രിക്ക് കത്തയച്ചുവെന്നും, ഇസ്രായേലിലുള്ള ഇന്ത്യൻ എംബസിയുമായും, പശ്ചിമേഷ്യയുടെ ചുമതലയുള്ള വിദേശകാര്യ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരുമായും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും, എന്തെങ്കിലും പ്രശ്നമുണ്ടായാൽ നോർക്കയിലെ ഇരുപത്തിനാല് മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുമായി ബന്ധപ്പെട്ടാൽ അടിയന്തരസഹായം ലഭ്യമാകുന്നതാണെന്നും കേന്ദ്രസർക്കാരിന്റെ 'ഓപ്പറേഷൻ അജയ്' ' ദൗത്യം വഴി ഇസ്രായേലിൽ നിന്നും മടങ്ങി വരുന്ന മലയാളികളെ ഡൽഹിയിൽ സ്വീകരിച്ച്, ടിക്കറ്റ് ഇല്ലാത്തവർക്ക് സർക്കാർ ചെലവിൽ കേരളത്തിലെത്താൻ യാത്രാസൗകര്യമൊരുക്കിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു.

9. വിദേശകാര്യ മന്ത്രാലയത്തിന്റെ രേഖകൾ പ്രകാരം പാലസ്തീനിൽ ഇന്ത്യാക്കാർ ആരുമില്ലെന്നും കുടുംബമായി ഇസ്രായേലിൽ താമസിക്കുന്നവർ മടങ്ങിവരാൻ താല്പര്യം പ്രകടിപ്പിച്ചിട്ടില്ലെന്നും ജോലിക്കും പഠനാവശ്യങ്ങൾക്കും പോയവരാണ് ഇപ്പോഴത്തെ സാഹചര്യത്തിൽ മടങ്ങി വരുന്നതെന്നും വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കാണ് മുൻഗണന നൽകുന്നതെന്നും കാരണം അവിടെ താമസിക്കുന്നവർക്ക് ഹോം ഡിഫൻസ് ആപ്പ്-ന്റെ സഹായം ലഭ്യമാണെന്നും വിനോദസഞ്ചാരികൾക്ക് അത് ലഭ്യമല്ലെന്നും യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

10. നോർക്കയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏകദേശം ആയിരത്തോളം അംഗങ്ങളുള്ള 'ഇസ്രായേൽ മലയാളി അസോസിയേഷന'മായും കൂടാതെ 'വേൾഡ് മലയാളി ഫെഡറേഷൻ' എന്ന മറ്റൊരു അസോസിയേഷനുമായും അവിടെ ജോലി ചെയ്യുന്ന മലയാളി മാധ്യമപ്രവർത്തകരുമായും നിരന്തരം ബന്ധം പുലർത്തുന്നതായും, ഇസ്രായേലിൽ വീടുകളിലും ഫ്ലാറ്റുകളിലും പൊതുസ്ഥലങ്ങളിലുമുള്ള ഷെൽറ്റർ റൂമുകളുടെ ലൊക്കേഷൻ മാപ്പായ ഇസ്രായേൽ മിലിറ്ററിയുടെ 'ഹോം ഫ്രണ്ട് കമാൻഡ് ' എന്ന ആപ്പ് ഡൗൺലോഡ് ചെയ്ത് അതുവഴി എവിടെയൊക്കെയാണ് സേഫ്റ്റി റൂമുകൾ ഉള്ളതെന്ന് കണ്ടെത്തി അവിടെ സുരക്ഷിതമായി തുടരാൻ ആളുകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. **ആയതിനാൽ ഇസ്രായേൽ മലയാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള അടിയന്തര ഇടപെടലുകൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

11. സംഘർഷത്തിന്റെ രണ്ടാം ദിവസം മുതൽ ഗാസ അതിർത്തിയിലാണ് പ്രശ്നം രൂക്ഷമായതെന്നും അവിടെയുള്ള നൂറ്റിഅറുപതോളം കുടുംബങ്ങളെ ചാവുകടലിന് സമീപത്തുള്ള സെന്റ് ജോർജ്ജ് റിസോർട്ടിലേക്ക് മാറ്റിയെന്നും അതിൽ ഏകദേശം മുപ്പതോളം മലയാളികളുണ്ടെന്നും ഇന്ത്യൻ എംബസി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന വാട്സാപ്പ് ഗ്രൂപ്പുകൾ അവിടെയുള്ള മലയാളി അസോസിയേഷനുകൾക്കുണ്ടെന്നും ഭക്ഷണം, വെള്ളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി അറിയിച്ചിട്ടില്ലെന്നും സർവ്വകലാശാലകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ, വിസ കാലാവധി കഴിഞ്ഞ് നിൽക്കുന്നവർ, സർവ്വീസ് കാലാവധി കഴിഞ്ഞ് നിൽക്കുന്നവർ എന്നീ മൂന്ന് വിഭാഗക്കാരാണ് ഓപ്പറേഷൻ അജയ് വഴി മടങ്ങി വന്നവരിൽ പ്രധാനമായും ഉണ്ടായിരുന്നതെന്നും സമിതി വിലയിരുത്തുന്നു.

12. ഇസ്രായേലിൽ സംഘർഷം ആരംഭിച്ച സമയത്ത് ഇന്ത്യയിലേക്ക് മടങ്ങിവരാൻ ആഗ്രഹിക്കുന്നവർ ഡൽഹിയിലെ കേരള ഹൗസിന്റെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണമെന്ന് സൂചിപ്പിച്ച് ഇന്ത്യൻ എംബസി ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതായും അതിനെ അടിസ്ഥാനപ്പെടുത്തിയാണ് വിമാനം ചാർട്ടർ ചെയ്തതെന്നും അത്തരത്തിൽ രജിസ്റ്റർ ചെയ്ത് ഡൽഹിയിൽ എത്തുന്നവർക്ക് ബാക്കിയുള്ള യാത്രാസൗകര്യം ചെയ്യുന്നത് നോർക്ക റൂട്ട്സ് ആണെന്നും നിലവിൽ രജിസ്റ്റർ ചെയ്തിട്ട് വിമാനം കാത്ത് നിൽക്കുന്നവരായി ആരും തന്നെ ഇല്ലെന്നാണ് കേരള പ്രവാസികാര്യ വകുപ്പ് ഉദ്യോഗസ്ഥരുടെ മറുപടിയിൽ നിന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

13. നോർക്കയുടെ ഡാറ്റാ ബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇസ്രായേലിലുള്ള മലയാളികൾ കൃത്യമായി എവിടെയൊക്കെയാണെന്ന് അറിയാമെന്നും മലയാളി അസോസിയേഷനുകളിലൂടെ അവരുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും മനസ്സിലാക്കിയ സമിതി ഇടക്കാലങ്ങളിൽ അവിടേക്ക് പോയവരെല്ലാവരും മലയാളി അസോസിയേഷനുകളിൽ അംഗങ്ങളാകാൻ സാധ്യതയില്ലെന്നും നോർക്ക മുഖേന ഒരു വാട്സാപ്പ് നമ്പർ പ്രസിദ്ധീകരിച്ച് വാട്സാപ്പ് ഗ്രൂപ്പ് ഉണ്ടാക്കിയാൽ മലയാളി അസോസിയേഷനുകളിൽ അംഗമാകാൻ സാധിക്കാത്തവർക്ക് അതിൽ ചേരാനും, അതുവഴി വിവരങ്ങൾ കൈമാറാനും സാധിക്കുമെന്നും തിരികെ വരാൻ ആഗ്രഹമില്ലെങ്കിലും തങ്ങളെ സംരക്ഷിക്കാൻ സ്വന്തം നാട്ടിൽ നിന്നും ആളുകൾ ഉണ്ടെന്നുള്ള തോന്നൽ അവരിലുണ്ടാകുമെന്നും അഭിപ്രായപ്പെട്ട സമിതി **നോർക്ക റൂട്സ് മുഖേന ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കി ഇസ്രായേലിലെ എല്ലാ മലയാളികളെയും അതിൽ ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

14. ഇസ്രായേലിൽ നിന്നും തിരിച്ചുവരാൻ ആഗ്രഹിക്കുന്നവർ രജിസ്റ്റർ ചെയ്താൽ അവരെ തിരികെ എത്തിക്കുമെന്നും എന്നാൽ സാമ്പത്തിക ബാദ്ധ്യതകളൊക്കെ ഉള്ളതിനാൽ മിക്കവരും തിരികെ വരാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടില്ലെന്നും തിരികെ എത്തിയ മലയാളികളിൽ ജോലി ഉപേക്ഷിച്ച് വന്നവരില്ലെന്നും വിദ്യാർത്ഥികളും വിസ കാലാവധി കഴിഞ്ഞവരുമാണെന്നും വിദ്യാർത്ഥികൾക്ക് പഠനത്തിനായി വീണ്ടും തിരിച്ചുപോകേണ്ടി വരുമെന്നും നിരീക്ഷിച്ച സമിതി **ഇസ്രായേലിൽ നിന്നും നാട്ടിൽ തിരിച്ചെത്തിയ മലയാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

15. നമ്മുടെ രാജ്യത്തെ പ്രവേശന പരീക്ഷകളിൽ വിജയം നേടാൻ സാധിക്കാത്ത കുട്ടികൾക്കാണ് വിദേശ രാജ്യങ്ങളിലേക്ക് പഠനത്തിനായി പോകേണ്ടി വരുന്നതെന്നും ഇവിടെ നിലനില്ക്കുന്ന ഫീസുമായി താരതമ്യം ചെയ്യുമ്പോൾ വിദേശരാജ്യങ്ങളിൽ ഫീസ് വളരെ കുറവായത് കൊണ്ടുമാകാം വിദേശരാജ്യങ്ങളിലേക്ക് പഠനത്തിനായി കുട്ടികൾ പോകുന്നുവെന്നുള്ളതും നിരീക്ഷിച്ച സമിതി **യുദ്ധത്തിന്റെയും സംഘർഷങ്ങളുടെയും പശ്ചാത്തലത്തിൽ വിദേശരാജ്യങ്ങളിൽ നിന്ന് പഠനം പൂർത്തിയാക്കാതെ തിരിച്ചു വരുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനം പൂർത്തിയാക്കേണ്ടതുള്ളതിനാൽ ഇത്തരം സാഹചര്യങ്ങളിൽ അവരുടെ തുടർപഠനത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

16. കാനഡയിലെ പ്രശ്നം രാഷ്ട്രീയപരമായതിനാൽ നിലവിൽ അവിടെയുള്ള മലയാളികൾക്ക് ബുദ്ധിമുട്ടുള്ളതായി കണ്ടെത്തിയിട്ടില്ലെന്നും കനേഡിയൻ പൗരന്മാർക്ക് ഇന്ത്യൻ വിസ നിർത്തലാക്കിയ സാഹചര്യത്തിൽ കാനഡയിലെ ഇന്ത്യൻ പൗരന്മാർക്ക് ഇന്ത്യയിൽ തിരിച്ചുവരുന്നതിനും ഓവർസീസ് സിറ്റിസൺഷിപ്പ് ഓഫ് ഇന്ത്യാ കാർഡ് ഉള്ള കനേഡിയൻ പൗരന്മാർക്ക് ഇന്ത്യയിൽ വരുന്നതിനും യാതൊരുവിധ ബുദ്ധിമുട്ടുമില്ലെന്നും കനേഡിയൻ പൗരത്വം സ്വീകരിക്കുകയും എന്നാൽ ഓവർസീസ് സിറ്റിസൺഷിപ്പ് ഓഫ് ഇന്ത്യ കാർഡ് ഇല്ലാതിരിക്കുകയും ചെയ്താൽ മാത്രമേ അവർക്ക് പ്രശ്നം വരുന്നുള്ളുവെന്നും നിലവിൽ അത്തരത്തിലുള്ള ഒരു പരാതിയും ലഭിച്ചിട്ടില്ലെന്നും അവിടെ പഠിക്കുന്ന കുട്ടികളെ തിരിച്ചുകൊണ്ടുവരാനുള്ള ഒരു അടിയന്തര സാഹചര്യവും നിലവിലില്ലെന്നും ഇനി കാനഡയിലേയ്ക്ക് പോകാൻ താല്പര്യമുള്ളവർക്ക് വിസ ലഭ്യമാകുന്നതിൽ കാലതാമസ മുണ്ടാകുമെന്നും അവിടെ എത്തിയിട്ടുള്ള ആളുകൾക്ക് ഇതുവരെ പ്രശ്നങ്ങളൊന്നുമില്ലെന്നും യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഈ സാഹചര്യത്തിൽ തൊഴിൽ-വിദ്യാഭ്യാസം മുതലായ കാര്യങ്ങളാൽ കാനഡയിൽ താമസിക്കുന്ന പ്രവാസി

മലയാളികൾക്ക് പ്രശ്നങ്ങളൊന്നും നേരിടേണ്ട സാഹചര്യം നിലവിലില്ലെന്ന് വിലയിരുത്തിയ സമിതി **മലയാളി വിദ്യാർത്ഥികളുടെ വിസ ലഭ്യമാകുന്നതിലെ കാലതാമസം സംബന്ധിച്ച നിലവിലെ അവസ്ഥ പ്രവാസികാര്യവകുപ്പ് പരിശോധിക്കണമെന്നും കാനഡയിലെ പ്രവാസിമലയാളികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മതിയായ ശ്രദ്ധ തുടർന്നും നൽകണമെന്നും നിർദ്ദേശിക്കുന്നു.**

17. സ്വപ്നം കെട്ടിപ്പടുക്കാൻ വിദേശത്ത് കുടിയേറുന്ന മലയാളികൾ യുദ്ധക്കെടുതിയിലും നയതന്ത്ര ഉലച്ചിൽമൂലവും സാമ്പത്തിക അരക്ഷിതാവസ്ഥയിൽ ഉഴലാതെ സുരക്ഷിതരാണോയെന്ന് അറിയാൻ സമിതി പ്രതിജ്ഞാബദ്ധമാണ്. കാനഡയിലെയും ഇസ്രായേലിലെയും മലയാളികൾ സുരക്ഷിതരാണെന്ന് ഈ യോഗത്തിലൂടെ ബോധ്യപ്പെട്ടതിൽ സമിതിക്ക് ചാരിതാർത്ഥ്യമുണ്ട്.

18. യുദ്ധങ്ങൾ അനിവാര്യമായ തിന്മകളാണ്. അതുപോലെ തന്നെ അവയുടെ ഭയാനതകൾ വാക്കുകളിൽ വിശദീകരിക്കാൻ കഴിയാത്ത അത്രയും വലുതുമാണ്. ചരിത്രപരമായി യുദ്ധം എല്ലായ്പ്പോഴും മനുഷ്യരാശിയുടെ ഏറ്റവും വലിയ കളങ്കവുമാണ്. പക്ഷം ചേരലിനപ്പുറത്ത് ശാന്തിയിലേക്കുള്ള വാതിലുകൾ ഹൃദയപൂർവ്വം തുറന്നുവയ്ക്കാൻ പുതിയകാലം ഉറപ്പിച്ചു പറയുന്നത് കേൾക്കാതിരുന്നുകൂടാ. ചോര കൊണ്ടല്ല സഹവർത്തിത്വവും മാനുഷികതയും കൊണ്ടാവണം പുതിയ ലോകക്രമത്തിന്റെ നിർമിതി. ചരിത്രത്തിലേക്ക് ദുഃഖങ്ങൾ മാത്രം അവശേഷിപ്പിക്കുന്ന ഈ യുദ്ധം അവസാനിക്കട്ടെ. ലോകസമാധാനവും ശാന്തിയും പുലരട്ടെ എന്ന് സമിതി പ്രത്യാശിക്കുന്നു.

എ.സി. മൊയ്തീൻ,
*ചെയർമാൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ഫെബ്രുവരി 13.